Statement

Uncorrected/Not for publication
02-02-2026
1

മി. സ്പീക്കർ: ഓർഡർ...ഓർഡർ...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സഭാസമ്മേളനം തുടങ്ങിയപ്പോൾതന്നെ ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സമ്മർദ്ദം എസ്.ഐ.റ്റി.-യുടെ മേൽ ഉണ്ടാകരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ നിയമസഭയ്ക്ക് അകത്തും പുറത്തും സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നുമുതൽ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. എ. കെ. എം. അഷ്റഫ് എന്നിവർ നിയമസഭാ കവാടത്തിനുമുമ്പിൽ സത്യഗ്രഹം തുടരുകയാണെന്നുള്ള കാര്യം അങ്ങയെ അറിയിക്കുന്നു. ഞങ്ങൾ അതിനുശേഷം സഭാ നടപടികളുമായി സഹകരിക്കുന്നതാണ്.

(പ്രതിപക്ഷാംഗങ്ങളൊന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)